ഉത്തരം

(എ&ബി) ഉണ്ട്.

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിന് മുൻപ് 25 ശതമാനം കാറ്റഗറിയിൽ തസ്തികമാറ്റത്തിലൂടെ നിയമിതരായ ജൂനിയർ അദ്ധ്യാപകർക്ക് ഫുൾടൈം ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) നിയമിതരായ തീയതി മുതൽ ഫുൾടൈം സ്കെയിൽ നൽകിയിട്ടുണ്ട്.

(ഇ) മുൻകാല സർവ്വീസുള്ള 25 ശതമാനം കാറ്റഗറിയിൽപ്പെട്ട അദ്ധ്യാപകരെയാണ് ഫുൾടൈം സ്കെയിലിന് പരിഗണിച്ചത്.

(എഫ്) ജി.ഒ. (എംഎസ്.)നമ്പർ 351/104/ജന.എഡ്യു. തീയതി 20-11-2004 പ്രകാരമാണ് ഈ ആനുകൂല്യം നൽകിവരുന്നത്.

പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നവർ

19(708) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നും പ്രതിവർഷം എത്രപേർ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്നുവെന്ന കണക്ക് ലഭ്യമാണോ ;

(ബി) ഈ കൊഴിഞ്ഞുപോക്കിനുള്ള കാരണങ്ങളെക്കുറിച്ച് ഏതെങ്കിലും രീതിയിലുള്ള പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ലഭ്യമാണ്.

(ബി) ഉണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തുന്നതിന് നടപടി

20(709) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ സ്പോർട്സ്കൂടി ഉൾപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly